# ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ
# വിളവൂർക്കൽ

# ലിറ്റിൽ കൈറ്റ്സ്

## 2018-19

# ജ്വാല



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

## സന്ദേശം





വിവരസാങ്കേതിക വിദ്യ കൈക്കുമ്പിളിലാക്കി
ചെറുപട്ടങ്ങളായി ,വാനിലേക്കുയരുന്ന
നമ്മുടെ പുതുതലമുറയ്ക്ക് .........
ഭാവനയുടെ ലോകം നഷ്ടമായിട്ടില്ലെന്ന്
നമ്മളെ ബോധ്യപ്പെടുത്തുന്ന രചനകൾ ......

**ജ്വാല**

വിളവൂർക്കൽ ഗവ .ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഈ എളിയ സംരംഭത്തിന് എല്ലാ വിധ പ്രോത്സാഹനവും നൽകുമെന്ന പ്രതീക്ഷയോടെ

ഹെഡ്മാസ്റ്റർ
**ജയകുമാർ.ആർ .വി**

# സന്ദേശം






ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ ഈ സ്കൂളിലെ വിദ്യാർത്ഥികൾ ഒരു മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു .കുട്ടികളുടെ സർഗാത്മക ശേഷി വർധിപ്പിക്കുന്നതിനും അവരുടെ പ്രതിഭ പുറത്തുകൊണ്ടുവരുന്നതിനും സഹായിക്കുന്ന ഈ സംരംഭത്തിന് എല്ലാ ആശംസകളും ഞാൻ നേരുന്നു .

പി റ്റി എ പ്രസിഡന്റ്
പ്രശാന്ത് .പി .മലയം

# പത്രാധിപസമിതി


**ചീഫ് എഡിറ്റർ**
ജയകുമാർ ആർ വി

**സ്റ്റാഫ് എഡിറ്റർ**
ബിന്ദുകൃഷ്ണ സി
പ്രസന്നകുമാരി
ശ്രീകലാദേവി

**സ്റ്റുഡന്റ് എഡിറ്റർ**
അഭിരാമി എസ്
ഗോപിക അനിൽ

**അഡ്‌വൈസറി ബോർഡ് എഡിറ്റർ**
സ്റ്റാഫ് സെക്രട്ടറി-അനൂപ്
പി റ്റി എ പ്രസിഡന്റ്-പ്രശാന്ത്.പി
എം പി റ്റി എ --ബിന്ദു
വിദ്യാരംഗം-പ്രസന്നകുമാരി
എസ് ഐ റ്റി സി -ബിന്ദുകൃഷ്ണ.സി

# ഉള്ളടക്കം




- ക്ലബ് യൂണിറ്റ് ---------------------------- 5-8
- ദിനാചരണങ്ങൾ ---------------------------- 9-13
- കലാസൃഷ്ടികൾ ---------------------------- 14-27
- സ്കൂൾ കലോത്സവം ---------------------------- 28
- ഭക്ഷ്യമേള ---------------------------- 29
- ശാസ്ത്രം ---------------------------- 30-32
- ഗണിതം ---------------------------- 33-37
- വേറിട്ട നിമിഷങ്ങൾ ---------------------------- 38-39
- ഓർമ്മത്താളുകൾ ---------------------------- 40-42
- ചിത്രരചന ---------------------------- 43-44


ജ്വാല


## ലിറ്റിൽ കൈറ്റ്സ്




വിളവൂർക്കൽ സ്ക്രൂളിൽ ലിറ്റിൽ കൈറ്റ്സ് യുണിറ്റ് ആരംഭിച്ചു .യൂണിറ്റിന്റെ ഉദ്ഘാടനം ബഹുമാന്യയായ ശ്രീമതി .ജയകുമാരി നിർവ്വഹിച്ചു .ലിറ്റിൽ കൈറ്റ്സിന്റെ ബോർഡ് സ്ഥാപിച്ചു. കൈറ്റ് മിസ്ട്രസ് ആയി ശിലീനാ ടീച്ചറിനെയും ജയമംഗള ടീച്ചറിനെയും തിരഞ്ഞെടുത്തു .



## SPC





ഗവ.എച്ച് .എസ് .എസ് .വിളവൂർക്കൽ സ്കൂളിന്റെ ചരിത്രത്തിൽ ആദ്യമായി SPC (സ്റ്റുഡന്റ് പോലീസ് കേഡറ്റ് )യൂണിറ്റ് 2018 -19 അധ്യയനവർഷത്തിൽ ആരംഭിച്ച .ജൂലൈ മാസം 6 -ആം തീയതി കാട്ടാക്കട നിയോജകമണ്ഡലത്തിലെ എം എൽ എ ഐ ബി സതീഷ് ഉദ്ഘാടനം ചെയ്തു .



കവടിയാർ കൊട്ടാരം കാണാനെത്തിയ വിളവൂർക്കൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ്സ് പോലീസ് സംഘം

### കുട്ടിപ്പോലീസുകാർ കവടിയാർ കൊട്ടാരത്തിൽ

കവടിയാർ കൊട്ടാരം കാണാൻ വിളവൂർക്കൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് സംഘമെത്തിയത് വെറും കൈയോടെയല്ല, വീട്ടുവളപ്പിൽ അവർ നട്ടുനനച്ച് വളർത്തിയ പച്ചക്കറിവിളകളുമായാണ്.

അവ കൊട്ടാരത്തിൽ അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിബായിക്ക് നൽകി.

തിരുവിതാംകൂർ രാജഭരണത്തെക്കുറിച്ചും ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തെക്കുറിച്ചുമുള്ള കുട്ടികളുടെ സംശയങ്ങൾക്ക് ഗൗരി ലക്ഷ്മിബായി മറുപടി പറഞ്ഞു.

കൊട്ടാരവും ചുറ്റുമുള്ള സ്ഥലവും ചുറ്റിക്കണ്ട് മൂന്നുമണിക്കൂറോളം അവിടെ ചെലവഴിച്ചാണ് എസ്.പി.സി. സംഘം മടങ്ങിയത്.

പി.ടി.എ. പ്രസിഡന്റ് പ്രശാന്ത്, മദർ പി.ടി.എ. പ്രസിഡന്റ് ബിന്ദു, എസ്.പി.സി. ഗാർഡിയൻസ് പ്രസിഡന്റ് വള്ളിനായകംപിള്ള, സെക്രട്ടറി സുജ, ജയിംസ് റീന, അധ്യാപകരായ അനൂപ്, ബിന്ദു, പ്രസന്നകുമാരി, മല യിൻകീഴ് സ്റ്റേഷനിലെ ഡി.ഐ.മാരായ പ്രദീ പ്, ശോഭ എന്നിവരും 36 അംഗ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുമാണ് സംഘത്തിലുണ്ടായിരുന്നത്.







പ്രസന്നകുമാരി ടീച്ചറിനെയും അനൂപ് സാറിനെയും SPC യുടെ ചുമതല നൽകി. രക്ഷകർത്താക്കളുടെ സഹകരണത്തോടെ വിജയകരമായി പ്രവർത്തനങ്ങൾ നടക്കുന്നു.

# ജലസമൃദ്ധി








ഹരിതവിദ്യാലയം പദ്ധതിയുടെ ഭാഗമായി ജലസമൃദ്ധി നമ്മുടെസ്കൂളിലും പച്ചക്കറികൾ നട്ട് ആരംഭിച്ചു .നേച്ചർ ക്ലബ്ബിലെ കുട്ടികൾ പരിപാലിച്ചു പോരുന്നു.

# ആഗസ്റ്റ് 15



ഇന്ത്യൻ സ്വതന്ത്ര്യദിനത്തിന്റെ 71 -ആം വാര്ഷികത്തോട്അനുബന്ധിച് സ്കൂൾ അങ്കണത്തിൽ വച്ച് പ്രിൻസിപ്പൽ കൃഷ്ണകിഷോർ സാർ പതാക ഉയർത്തുകയും തുടർന്ന് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കലാപരിപാടികൾ നടത്തുകയും ചെയ്തു .കുട്ടികൾക്ക് പി റ്റി എ ഭാരവാഹികൾ മധുരം വിതരണം ചെയ്തു .

## അദ്ധ്യാപകദിനം



2018 സെപ്റ്റംബർ 5 ന് അദ്ധ്യാപകദിനം ആചരിച്ചു.വിശിഷ്ട വ്യക്തിയായ രവീന്ദ്രൻ മാഷിനെ ആദരിച്ചു. .നമ്മുടെ സ്കൂളിലെ മുതിർന്ന അദ്ധ്യാപകരായ കൃഷ്ണകിഷോർ സാറിനെയും സുഗത ടീച്ചറിനെയും





ആദരിച്ചു .ആ ദിവസം ഹെഡ്മാസ്റ്റർ ,അധ്യാപകരുടെ റോളുകൾ കുട്ടികൾ വളരെ ഭംഗിയായി കൈകാര്യം ചെയ്തു.കുട്ടികൾക്കും അതൊരു നല്ല അനുഭവമായിരുന്നു .










## ഗാന്ധിജയന്തി

നമ്മുടെ രാക്ഷ്ടപിതാവായ ഗാന്ധിജിയുടെ ജന്മദിനമായ ഒക്ടോബര് 2 ന് 150 മൺ ചിരാതുകൾ കത്തിച്ചു .വിവിധ കലാപരിപാടികളും തുടർന്ന് നടന്നു.



# ശിശുദിനം

നവംബർ 14 ശിശുദിനത്തിൽ കുട്ടി ചാച്ചാജിയായി കുരുന്നകൾ അണി നിരന്നു. റാലി നടത്തിയും ,പോസ്റ്റർ രചനകൾസംഘടിപ്പിച്ചും പ്ലക്കാർഡുകൾ തയ്യാറാക്കിയും ആചരിച്ചു



## കൂട്ടുകാർ

ഒരു ദിവസം രണ്ട് കുട്ടികൾ സ്കൂളിൽ പോകുവാൻ വേണ്ടി തയ്യാറെടുക്കുകയാണ് . അവരുടെ വീട് വളരെ അടുത്താണ് പക്ഷേ അവർക്ക് ഒരു വൃത്തികെട്ട സ്വഭാവം ഉണ്ട് അവരിൽ ഒരുത്തൻ കറുപ്പും ഒരാൾ വെളുപ്പും. ഇതു പറഞ്ഞ് രണ്ടുപേരും എപ്പോഴും വഴക്കിലാകും എന്നിട്ട് എപ്പോഴും വെളുത്തവൻ കറുത്തവനെ കളിയാക്കും പക്ഷേ അത് അവന് വളരെ സങ്കടമായി. ഒടുവിൽ അവർ രണ്ടുപേരും പിരിഞ്ഞ്നടന്നു. മിണ്ടാതെ അവർ ഭയങ്കര പിണക്കത്തിൽ ആയിരുന്നു. അങ്ങനെ ദിവസങ്ങൾ കടന്നുപോയി. എന്നിട്ടും കുറച്ചുദിവസം കഴിഞ്ഞ് കറുത്തവൻ വെളുത്തവനോട് മിണ്ടാൻ പോയി. എന്നിട്ടും വെളുത്തവൻ അവനോട് മിണ്ടിയില്ല. അതിനുശേഷം കറുത്തവനും മിണ്ടാൻ പോയില്ല. ഒരുദിവസം വെളുത്തവൻ ഇരുന്നു കരയുകയാണ്. ആരും അവനെ തിരിഞ്ഞ്നോക്കിയില്ല. പക്ഷേ കറുത്തവൻ ഓടിവന്ന് ചോദിച്ച എന്തുപറ്റി കൂട്ടുകാരാ നീയെന്തിനാണ് ഇങ്ങനെ കരയുന്നത്. അതുകൊണ്ട് കറുത്തവൻ കരഞ്ഞു. എന്നിട്ടും അപ്പോഴാണ് വെളുത്തവൻ കറുത്തവന്റെ മഹത്വം മനസ്സിലായി. എന്നിട്ടു കറുത്തവൻ പറഞ്ഞു കൂട്ടുകാരാ

കറുത്തവനും വെളുത്തവനും എന്ന് വേർതിരിക്കരുത്. ഇതിൽ പറയുന്നത് ഇത്രയും താഴ്ത്തി കളിയാക്കിയിട്ടും കറുത്തവൻ വന്ന് അവന്റെ ദുഃഖത്തിൽ പങ്കുചേർന്ന്. ഇങ്ങനെ ആകും നല്ല കൂട്ടുകാരൻ.



# Friendship

Friendship is a memorable moment of our life. We will always think about our friends, because they are own well wishers . In my childhood friends are my best companions. When I think about my friends that moment is my happy moment.




Life is sad without a friend,

A home is lonely,
Without a mother

True friends are the diamonds,
Costly rich and race.

There are many ships, small ships, big ships
But there is no ship
Like Friendship

anandu




# तितली

तितली-तितली प्यारी तितली ,
रंग-बिरंगे पंखों की तितली ,
छोटी-बडी सुन्दर तितली ,
फूल-फूल में नाचने वाली ,
सबके मन की बहलाने वाली ,
तितली-तितली प्यारी तितली

BY,
**MAHALEKSHMI.V**
IX.A

**യാത്ര അനുഭവം**

# കന്യാകുമാരിയിലേക്ക് ഒരു യാത്ര



ഒരു ഞായറാഴ്ച്ച ഞാൻ കുടുംബത്തോടൊപ്പം കന്യാകുമാരിയിലേക്ക് ഒരു യാത്ര പോയി. അതിരാവിലെയാണ് പോയത്. സൂര്യോദയം കാണാൻ വളരെ ഭംഗിയായിരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഞങ്ങൾ കന്യാകുമാരിയിൽ എത്തി. നല്ല വെയിലായിരുന്നു അവിടെ. എന്നാലും കടലിലെ കാറ്റിന് കുറച്ചുതണുപ്പുണ്ടായിരുന്നു. ആ വെയിലത്തു കടൽ തിളങ്ങുന്നതുകാണാൻ മനോഹരമായിരുന്നു. അതിനുശേഷം ഞങ്ങൾ ടവറിൽ കയറാൻ പോയി. അതിന്റെ താഴെ പാറക്കെട്ടുകളുടെ ഇടയിൽ കുറെ

ഞണ്ടുകൾ ഒളിച്ചിരിപ്പുണ്ടായിരുന്നു. ഞണ്ടുകളെ കുറെനേരം നോക്കിനിന്നു. എന്നിട്ട് ഞങ്ങൾ ടവറിന്റെ മുകളിൽ കയറി. അവിടെ നല്ല കാറ്റായിരുന്നു. അവിടെ നിന്ന് കടലും വിവേകാനന്ദപാറയും കാണാൻ നല്ല രസമായിരുന്നു. അവിടെ കുറെനേരം ചിലവഴിച്ചതിനുശേഷം ടവറിൽ നിന്ന് താഴെയിറങ്ങി. ഞാനും എന്റെ ചേട്ടനും വിവേകാനന്ദപാറയിൽ പോകാൻ വാശിപിടിച്ചു. അതിനായി ഞങ്ങൾ ബോട്ടിന് ടിക്കറ്റെടുക്കാൻ പോയി. പക്ഷെ അവിടെ  ധാരാളം ആളുകൾ തിരക്കുകൂട്ടുന്നുണ്ടായിരുന്നു. നല്ല വെയിലുമുണ്ടായിരുന്നു. അതുകാരണം അമ്മ പറഞ്ഞു "സമയം വൈകി ഇനി തിരിച്ചുപോകാം. അടുത്തതവണ വരുമ്പോൾ വിവേകാനന്ദപാറയിൽകൊണ്ടുപോകാം." ഞങ്ങൾ ഭക്ഷണം കഴിച്ച് വണ്ടി കയറിമടങ്ങി. എന്നെ ഏറ്റവും വിഷമിപ്പിച്ചത്, ഞാനും എന്റെ ചേട്ടനും വാശിപിടിച്ചിട്ടും വിവേകാനന്ദപാറയിൽ കൊണ്ടുപോകാത്തതാണ്. എന്നാലും വളരെ രസകരമായ ഒരു യാത്രയായിരുന്നു കന്യാകുമാരി യാത്ര.

# കിളിക്കൂട്ടുകാർ



ഞാൻ അറിയുന്നുണ്ട് എന്റെ
ചില്ലകൾ വാടുന്നത്.
വേരുകൾ മരിക്കുന്നത്

എന്നിൽ കൂടുണ്ടാക്കിയ കിളിയെ
നിനക്ക് പറക്കാം
അധികകാലം തണലേകാൻ
എനിക്കാവില്ല

നിന്റേതുമാത്രമായ ആകാശവും
വസന്തവും നിന്നെക്കാത്തിരിക്കുന്നു
നീ പറന്ന് പോകൂ .........

ഗോകുൽ അനിൽ

## <u>പഠിപ്പ തീർന്നാൽ</u>

പഠിപ്പ തീർന്നാൽ , പ്പള്ളിക്കൂടം
വിട്ടുകഴിഞ്ഞാൽ ,
പറയുകപറയുക , പിന്നിടെന്തൊരു
പണിക്കു പോകും നീ ?
കൃഷിക്കുപോകും , കൃഷിക്കുപോകും ,
കൃഷിക്കുപോകും ഞാൻ
കൃഷിക്കു ,നമ്മുടെ പിതാക്കൾ ചെയ്തൊരു
തൊഴിക്കു ,പോകും ഞാൻ
പുലർന്നിടുമ്പോൾ പാടം പൂക്കും
കാളകളോതുഴവൻ ,
ഉലർന്ന പച്ചപ്പട്ടൻ മാതൃധരിത്രിയെയാണിയിക്കാൻ
നിറഞ്ഞിടും നെൽപ്പതായ ങ്ങളുമെന്നുടെആശകളും,
നിറഞ്ഞ ലക്ഷ്മിനാർത്ഥന വേദികയായിടുമെൻ രാജ്യം

എൻ .വി .കൃഷ്ണവാര്യർ

## മുത്തശ്ശിയുടെ പ്രാർത്ഥന

ഒരിടത്ത് ഒരു മുത്തശ്ശിയുണ്ടായിരുന്നു . ആ മുത്തശ്ശിക്ക് ഒരു ചെറിയ ഓലമേഞ്ഞ വീടുണ്ടായിരുന്നു . എല്ലാ ദിവസവും സന്ധ്യക്ക് ആ മുത്തശ്ശി വിളക്കുകത്തിച്ച് പ്രാർത്ഥിക്കുമായിരുന്നു . തനിക്കൊരു നല്ല വീട് കിട്ടണമെന്നായിരുന്നു മുത്തശ്ശിയുടെ പ്രാർത്ഥന . അങ്ങനെ ഇരിക്കെ ഒരു ദിവസം മുത്തശ്ശിപ്രാർത്ഥിച്ച ശേഷം വീടിനുള്ളിലേക്ക് കയറിപ്പോയി . ഈ സമയം ഒരു കാക്ക വിളക്കിലിരുന്ന തിരി കൊത്തിയെടുത്തുകൊണ്ടുപോയി .തീ ചുണ്ടിൽ കൊണ്ടപ്പോൾ കാക്ക ചുണ്ടിലുണ്ടായിരുന്ന തിരി താഴേക്കിട്ടു .പാവം ആ തിരി മുത്തശ്ശിയുടെ ഓലമേഞ്ഞ കൂരയുടെ മുകളിൽ വീണു . ഓല കത്തിയപ്പോൾ മുത്തശ്ശി വീട്ടിൽ നിന്നും ഇറങ്ങിയോടി . ആളുകൾ ഇത് കണ്ടു . പെട്ടെന്നുതന്നെ അവർ കത്തിയ ഓലമേൽ വെള്ളമൊഴിച്ചു .പക്ഷേ വീട് കത്തിപോയി . മുത്തശ്ശിക്ക് വളരെ വിഷമമായി .

അങ്ങനെ നാട്ടുകാരെല്ലാം കൂടി മുത്തശ്ശിക്ക് നല്ല ഒരു വീട് പണിതുകൊടുത്തു . അങ്ങനെ മുത്തശ്ശിയുടെ പ്രാർത്ഥന ദൈവം സാധിച്ചുകൊടുത്തു .പ്രാർത്ഥനപ്രകാരം ഒരു നല്ല വീട് ദൈവം കൊ

{ ഗുണപാഠം : പാവങ്ങളുടെ കഷ്ടപ്പാട് ദൈവം കേൾക്കുന്നു. അതുപോലെ തന്നെ അവരുടെ പ്രർത്ഥനയിലും സന്തോഷത്തിലും ,ദുഃഖത്തിലും ദൈവം കൂടെ ഉണ്ടാകും. }

**മീനാക്ഷി .**

**VI A**

# മീനുവിന്റെ സ്വപ്നത്തിലെ അമ്മ

പതിനൊന്നു വയസുള്ള ഒരു പെൺകുട്ടിയാണ് മീനു . എല്ലാ ദിവസവും മീനു സ്വപ്നം കാണാറുണ്ട്. പക്ഷെ എല്ലാ ദിവസവും

അവൾ കാണുന്ന സ്വപ്നത്തിൽ ഒരു മുഖം മാത്രം മീനുവിന് കാണാൻ പറ്റിയിട്ടില്ല . അമ്മയില്ലാത്ത കുട്ടിയാണ് മീനു . മീനു

ജനിച്ച് അവൾക്ക് അറിവാകുന്നതിന് മുമ്പുതന്നെ അവളുടെ അമ്മ മരിച്ചുപോയി . അതുകൊണ്ടുതന്നെ എന്നും അവൾക്ക്

അമ്മയില്ലാത്തതിന്റെ ദുഃഖമാണ് . മീനുവിന്റെ അച്ഛൻ അവളെ എന്നും സന്തോഷിപ്പിക്കാൻ ശ്രേമിക്കുമായിരുന്നു . അമ്മ

ഇല്ലാത്തതിന്റെ കുറവ് അവളോർമിക്കാതിരിക്കാൻ എന്നും മീനുവിന് പ്രിയപ്പെട്ട സമ്മാനങ്ങൾ അവളുടെ അച്ഛൻ വാങ്ങി


കൊടുക്കും . ഒരു ദിവസം മീനുവിന് അവൾക്ക് ഏറ്റവും ഇഷ്ടമുള്ള സമ്മാനം കിട്ടി . അന്ന് രാത്രി അവളുടെ ദുഃഖം അവൾ

ആ സന്തോഷത്തിൽ മീനു ഉറങ്ങി . ആ രാത്രിയിൽ മീനുവിന്റെ സ്വപ്നത്തിൽ അവളുടെ അമ്മയുടെ ആ മുഖം കണ്ടു .

മീനു കണ്ട അവളുടെ സ്വപ്നത്തിലെ അമ്മയെക്കുറിച്ച് അടുത്ത ദിവസം തന്നെ മീനു അച്ഛനോട് പറഞ്ഞു . അച്ഛന്

ഇത് കേട്ടപ്പോൾ സഹിക്കാനായില്ല . അയാൾ മീനുവിന്റെ മുന്നിൽ ചിരിക്കാൻ ശ്രേമിച്ചു . [ഗുണപാഠം - നല്ല സ്വപ്നങ്ങൾ കാണാൻ , സന്തോഷത്തോടെ ഉറങ്ങണം .]

ABHIRAMI.S.M



## റോജാ പൂവ്

റോജാ പൂ റോജാ പൂ
നമ്മുടെ ഈശോ റോജാ പൂ
ആകാശത്തിലും കാണും
നമ്മുടെ ഈശോ
റോജാ ..... റോജാ .... ഹോ .. ഹോ ..
റോജാ .... റോജാ ..
അമ്പിളിയമ്മാവനിലും നമ്മുടെ
ഈശോയുടെ രൂപം കാണാം
മാനത്തിലും കാണും നമ്മുടെ
ഈശോ റോജാ പൂ .....
റോജാ പൂ റോജാ പൂ
നമ്മുടെ ഈശോ റോജാ പൂ

**NANDHANA MR**

# ലഹരിവിരുദ്ധദിനം


STAY DRUG FREE
JUST SAY NO TO DRUGS
YES TO LIFE
NO TO DRUGS
നമ്മുടെ സ്വപ്നം
ലഹരിവിമുക്ത കേരളം നമ്മുടെ ലക്ഷ്യം
മദ്യപാനം ആരോഗ്യ- ത്തിന് ഹാനികരം

## യഥാർത്ഥ സുഹൃത്ത്

ഒരിക്കൽ രണ്ടു സുഹൃത്തുക്കൾ ഒരു യാത്ര പോവുകയായിരുന്നു. അങ്ങനെ കാര്യങ്ങൾ പങ്കു വച്ച് പോകുന്നതിനിടയിൽ അവർ തമ്മിൽ വാക്കുതർക്കം ഉണ്ടായി. സുഹൃത്തുക്കളിൽ ഒരാൾ മറ്റെയാളെ തല്ലി . തല്ലുകൊണ്ടവൻ അടുത്തുകിടന്ന മനില എഴുതാതി 'എന്റെ സുഹൃത്ത് എന്നെ തല്ലി ' അവർ യാത്ര തുടർന്ന്. അങ്ങനെ അവർ ഒരു പുഴയുടെ കരയിൽ എത്തി. പുഴയിൽ വെള്ളം കരകവിഞ്ഞൊഴുകുകയായിരുന്നു. സുഹൃത്തുക്കളിൽ രണ്ടാമൻ പുഴയുടെ അരികിലേക്ക് പോയപ്പോൾ കാൽ വഴുതി വെള്ളത്തിൽ വീണു. ഇത് കണ്ട ഒന്നാമൻ സുഹൃത്തിനെ രക്ഷിച്ചു. അടുത്ത നിമിഷം രണ്ടാമൻ അടുത്തുള്ള പാറയിൽ എഴുതി 'എന്റെ സുഹൃത്തു എന്റെ ജീവൻ രക്ഷിച്ചു ' ഇതു കണ്ട ഒന്നാമൻ സുഹൃത്തിനോടു ചോദിച്ചു "ഞാൻ നിന്നെ തല്ലിയപ്പോൾ നീയത് മണിൽ എഴുതി പക്ഷെ നിന്നെ രക്ഷിച്ചപ്പോൾ അത് പാറയിൽ എഴുതി. അതെന്തിനാണ് ?" സുഹൃത്തിന്റെ ചോദ്യത്തിന് രണ്ടാമൻ കൊടുത്ത മറുപടി ഇതായിരുന്നു "നീ എന്നെ തല്ലിയത് മണിലെ എഴുതാവൂ ഒരു കാറ്റടിക്കുമ്പോൾ അത് മാഞ്ഞു പോകണം കാരണം അതിന് അത്ര ആയുസ്സ് ഉള്ളൂ. എന്നാൽ നീ എന്റെ ജീവൻ രക്ഷിച്ച കാര്യം പാറയിൽ തന്നയെഴുതണം അത് എത്ര കാലം കടന്നുപോയാലും മാഞ്ഞുപോകാൻപാടില്ല .സൗഹൃദത്തെ നമ്മുക്ക് ഒരിക്കലും അളക്കാൻ സാധിക്കില്ല കാരണം അത് ആനന്ദമാണ് .നീയാണെന്റെ യഥാർത്ഥ സുഹൃത്ത് ; **GOPIKANIL**

## കേരളപ്പിറവിദിനം



# കലോത്സവം



2018 -19 അധ്യനവർഷത്തെ കലോത്സവം ഒക്ടോബർ 24 ന് നടത്തി .കലോത്സവത്തിൽ മികച്ച കാഴ്ചവച്ച പരിപാടികൾ ഉപജില്ലാ കലോത്സവത്തിന് തിരഞ്ഞെടുത്തു .ഗ്രേഡുകൾ കരസ്ഥമാക്കി .



# ഭക്ഷ്യമേള




ഭക്ഷ്യമേള 2018 നവംബർ 24 ന് സ്കൂളിൽ വച്ച് നടത്തുകയുണ്ടായി.
ഭക്ഷ്യമേളയിൽ കുടുംബശ്രീയുടെ ഉൽപ്പന്നങ്ങളും കുട്ടികൾ തയ്യാറാക്കി കൊണ്ടുവന്ന വൈവിധ്യവും സ്വാദിഷ്ടവുമായ




ആഹാരവിഭവങ്ങളും കാർഷികവിഭവങ്ങളും പ്രദർശിപ്പിച്ചു. ഭക്ഷ്യമേളയിൽ എല്ലാ അധ്യാപകരും വിദ്യാർത്ഥികളും പി റ്റി എ ഭാരവാഹികളും സഹകരണത്തോടു വിജയകരമാക്കി .

## OSTWALD PROCESS



*Ostwald process is the designed by the German scientist Wilhem Ostwlad in 1932 for the industrial production of nitric acid. In the first stage, nitric oxideis produced by the reaction of ammonia with oxygen in the presence of platinum as the catalyst. This is followed by the conversation of nitric oxideto nitrogen dioxide in the presence of oxygen. The nitrogen dioxide thus obtained is dissolved in water again in the presence of oxygen to produce nitric acid.*

## ***HABER PROCESS***



The Haber process was invented by the German Scientist Fritz Haber in 1912,
for preparing ammonia on an industrial basis. Nitrogen and hydrogen, taken in
the ratio 1:3, are made to combine at a very high pressure (500atm) and a temp-
erature of 450 c to produce ammonia. Spongy iron is used as the catalyst. Ammonia is an important compound used in large quantities to produce chemical fertilizers. It was through the green revolution that our country ensured food security and achieved self sufficiency in food production. One of the major principles of the green revolution was the use of chemical fertilizers.

***GOKUL ANIL***

# SCIENCE EXHIBITION









## കണക്കിലെ മാജിക്ക്

### വൃത്തവും ഞാണും

*വൃത്തം ഒരു ചിത്രമാണെന്നും അതിന് ആരം എന്ന അളവ് പരമ പ്രധാനമെന്നും നമുക്കറിയാമല്ലോ. വൃത്തത്തിലെ ഏതു രണ്ടു ബിന്ദുക്കളേ യോജിപ്പിച്ച വരയ്ക്കുന്ന രേഖയും ഞാണിനെ ഉൾക്കൊള്ളുമെന്നും മനസ്സിലാക്കിയിരിക്കും. ഏറ്റവും വലിയ ഞാൺ വ്യാസമാണെന്നും വ്യാസം എപ്പോഴും വൃത്തകേന്ദ്രത്തിലൂടെ കടന്നു പോകുമെന്നും അതിനാൽ ഏതൊരു വ്യാസയും വൃത്തത്തെ രണ്ടർദ്ധ വൃത്തങ്ങളാക്കുമെന്നും, രണ്ടു ആരത്തിന് തുല്യമാണ് വ്യാസമെന്നു മെല്ലാം പഠിച്ചു വച്ച കാര്യങ്ങൾ. എന്നാൽ ഏതെങ്കിലും ഒരു വൃത്തത്തിനകത്തു എത്ര ഞാണുകൾ വരയ്ക്കാൻ കഴിയുമെന്നോ ഇതുവരെ കണ്ടെത്തിയിട്ടില്ല. എങ്കിലും ഒരു വൃത്തത്തിനകത്തു നമുക്ക് കഴിയാവുന്നത്ര ഒരേ നീളമുള്ള ഞാണുകൾ വരച്ചാൽ നമുക്ക് ലഭിക്കുന്ന ചിത്രം ഏതായിരിക്കുമെന്നു ഊഹിച്ചു നോക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ ഒന്ന് വരച്ചു നോക്കി പറയുക.*

*എന്താ കിട്ടിയില്ലേ ? ഇതാണ് നമ്മുടെ പൈപ്പിന്റെ മുഖമായ വൃത്തവലയം, ഒരു വലിയ വൃത്തത്തിനകത്തു ഓർ ചെറിയ വൃത്തം*

*രുപപ്പെട്ടുകയും അവയ്ക്കിടയിലുള്ള സ്ഥലം ഷെയ്ഡ് ചെയ്യപ്പെട്ടുകയും ചെയ്ത് അവസ്ഥ. രണ്ടു വൃത്തമുള്ളതിനാൽ രണ്ടു ആരങ്ങൾ. ഒന്ന് വലിയ വൃത്തവും മറ്റേത് ചെറിയ വൃത്തവുമായതിനാൽ വലിയ ആരവും ഉണ്ടാകുമെന്നും കൂടി മനസ്സിലായില്ലേ.*

***BY ,***
***KARTHIKA.V.S***
***IX A***

# കണക്കിലെ മായാജാലം

## കുട്ടികളുടെ എണ്ണം

*നാം രണ്ട് നമുക്ക് രണ്ട് എന്നത് മാറ്റി , 'നാം ഒന്ന് നമുക്കൊന്ന്' എന്നാക്കിയ കാര്യമില്ല ഇവിടെ പറയുന്നത്. കുട്ടികൾ കുറയുന്നു . ഡിവിഷനുകളിലെ കുട്ടികളുടെ അനുപാതം 1:30 എന്നാക്കണം എന്ന് അദ്ധ്യാപകർ മുറവിളി കൂട്ടുന്ന കാലമാണല്ലോ ഇത്. നമുക്ക് ഒരു ക്ലാസ്സിലെ കുട്ടികളുടെ എണ്ണം രസകരമായ ഒരു കണക്കിലൂടെ കണ്ടെത്താം . കുട്ടിയുടെ പഠനനിലവാരം അറിയാനായി സ്കൂളിലെത്തിയ ഒരു രക്ഷിതാവ് തന്റെ മകനോട് ചോദിച്ചു . നിന്റെ ക്ലാസ്സിൽ ആകെ എത്ര പേരുണ്ട് എന്ന്, പേരുകളുടെ എണ്ണമല്ല കുട്ടികളുട എണ്ണമാണ് ആ പിതാവ് അറിയാൻ ആഗ്രഹിച്ചത്. അവൻ പറഞ്ഞ ഉത്തരം കേട്ടപ്പോൾ പിതാവ് അല്പസമയം അന്തംവിട്ടുനിന്നുപോയി . കുട്ടി പറഞ്ഞതിപ്രകാരമായിരുന്നു .*

*'ഞങ്ങളും ഞങ്ങളും*
*ഞങ്ങളിൽ പാതിയും*
*അതിന്റെ പാതിയും*
*സാറും ചേർന്നാൽ നൂറ്'*

*ഇനി നിങ്ങൾ പറയു .' ഞങ്ങൾ ' എന്നതുകൊണ്ടു ആ കുട്ടി ഉദ്ദേശിച്ചത് എത്ര ?*

*ഞങ്ങൾ X എങ്കിൽ*

*ഈ സമവാക്യത്തെ നിർദ്ധാരണം ചെയ്യുമ്പോൾ*

*X=36 എന്ന് ലഭിക്കുന്നു .*

$$x+x+\frac{x}{2}+\frac{x}{4}+1 = 100$$

$$2x+\frac{x}{2}+\frac{x}{4}+1 = 100$$

$$2x+\frac{x}{2}+\frac{x}{4} = 99$$

$$\frac{8x+2x+x}{4} = 99 = \frac{11x}{4} = 99$$

$$= 11x = 99 \times 4 = x = \frac{99 \times 4}{11} = X = 99x4 = 36$$

*KAVYA .S.V*
*IV A*

# ഗണിത പ്രശ്നോത്തരിയിലെ കുസൃതികൾ

- തുറമുഖത്ത് നങ്കൂരമിട്ടിരിക്കുന്ന ഒരു കപ്പലിലെ 10 ½ മീറ്റർ നീളമുള്ള ഏണിപ്പടിയുടെ 1 ½ മീറ്റർ വെള്ളത്തിനടിയിലാണ്. **വേലിയേറ്റത്തിൽ** 1½ മീറ്റർ വെള്ളം പൊങ്ങിയാൽ ഏണിപ്പടിയുടെ എത്ര മീറ്റർ വെള്ളത്തിനടിയിലാകും ?
- രണ്ടു നാണ്യങ്ങളിലായി എന്റെ കൈയിൽ രണ്ടുഅറുപതുപൈസയുണ്ട്.ഒന്ന് അമ്പതുപൈസയല്ല മറ്റേതോ?
- ഒന്നും ഒന്നും ?
- 3 x =4 x ആയാൽ x -ന്റെ വില ?
- 10 ൽ നിന്നും ഒന്ന് എത്രപ്രാവിശ്യം കുറക്കാം ?
- ഒരു ന്യൂനകോണിന്റെ സമഭാജി വരച്ചാൽ ആകെ എത്ര ന്യൂനാകോണുകൾ ഉണ്ടാകും ?
- ഒരു ചതുരത്തിന്റെ ഒരു മൂല വെട്ടിക്കളഞ്ഞാൽ ബാക്കി എത്രമൂല?

## വേറിട്ട നിമിഷങ്ങൾ



2017 -18 ൽ വിരമിച്ച അദ്ധ്യാപകരുടെ യാത്രയപ്പ് നിമിഷങ്ങൾ.







ബോട്ടണിയിൽ പി എച്ച് ഡി ലഭിച്ച ജീവശാസ്ത്ര അദ്ധ്യാപികയായ ശ്രീകലാദേവിയ്ക്ക് പി റ്റി എ ഭാരവാഹികളും സ്കൂൾ പ്രതിനിധികളും ചേർന്ന് ഉപഹാരം നൽകുന്നു.












# ഓർമ്മത്താളുകൾ


SHOT ON MI A1
MI DUAL CAMERA
NEW STORE
COMING SOON
Lulu Metro
PUNARTHAM


തിരുവനന്തപുരം ജില്ലാപഞ്ചായത്ത്
ഗവ:ഹയർസെക്കന്ററി സ്കൂൾ വിളവൂർക്കൽ
SHOT ON MI A1
MI DUAL CAMERA
തിരുവനന്തപുരം ജില്ലാ ശിശുക്ഷേമ സമിതി
പ്രളയത്തിൽപ്പെട്ട
സഹപാഠിക്കൊരു ചങ്ങാതിപ്പൊതി
–പഠനോപകരണ ശേഖരണം–
KL 01 BP 1655

# *ARTISTERS GALLERY*











ambika : R.m
VIII A
Roll No : 06


Arun B.S
V A

# ജ്വാല

# 2018-19




little KITEs